നിവേദനം നൽകി

ചാലക്കുടി: നോർത്ത് ചുങ്കത്തിന് സമീപമുണ്ടായിരുന്ന ബസ് കാത്തിരിപ്പ് കേന്ദ്രം യാതൊരു മുൻകരുതലുകളോ, ബദൽ സംവിധാനങ്ങളോ ഇല്ലാതെ അറുത്തുമാറ്റിയ നഗരസഭയുടെ ജനദ്രോഹ നടപടിക്കെതിരേ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ടന്റി 20 പാർട്ടി നിയോജക മണ്ഡലം കമ്മിറ്റി മുനിസിപ്പൽ സെക്രട്ടറിക്ക് നിവേദനം സമർപ്പിച്ചു. പ്രസിഡന്റ് അഡ്വ. സണ്ണി ഡേവിസ് ഗോപുരന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തിൽ പി.ഡി. വർഗീസ്, എം.ടി. ലാസർ, വി.എസ്. സതീഷ്, പ്രിൻസ് ജോസഫ്, റൂഫസ് ജോസഫ് റെബല്ലോ എന്നിവരുമുണ്ടായിരുന്നു. മാർക്കറ്റിലേക്ക് വരുന്നവരും വിദ്യാർത്ഥികളും തൊഴിലാളികളും ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ ആശ്രയിച്ചിരുന്ന ബസ് ഷെൽട്ടറാണ് പൊളിച്ചു മാറ്റിയിരിക്കുന്നത്. വരാനിരിക്കുന്നത് കടുത്ത വേനൽക്കാലമായതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ബസ് സ്റ്റോപ്പ് പഴയ സ്ഥാനത്ത് തന്നെ എത്രയും വേഗം പുനഃസ്ഥാപിക്കണമെന്നും ജനങ്ങൾക്ക് ആവശ്യമായ യാത്രാസൗകര്യങ്ങൾ ഉറപ്പാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.

കുടുംബ സംഗമം

കുന്നംകുളം: സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ കുന്നംകുളം നോർത്ത് യൂണിറ്റിന്റെ കുടുംബ സംഗമം യൂണിയൻ ബ്ലോക്ക് പ്രസിഡന്റ് എം.കെ. സുകുമാരൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് വൈസ് പ്രസിഡന്റ് പി. സുശീല അധ്യക്ഷത വഹിച്ചു. ബ്ലോക് ജോ. സെക്രട്ടറി പി.കെ. വേലു റിപ്പോർട്ട് അവതരിപ്പിച്ചു . കെ.എം. സൂസന്ന, എ. ആശാലത, ഡെന്നീസ് മങ്ങാട്, മാണി, ടി.കെ. ജാനകി, രഞ്ജൻ മാത്യൂ എന്നിവർ പങ്കെടുത്തു.

ബാന്റ് സെറ്റ് ഉപകരണങ്ങൾ നൽകി

ചാവക്കാട്: എംആർആർഎംഎച്ച്എസ്എസിലെ ബാന്റ് സെറ്റ് ആധുനിക സൗകര്യങ്ങളോടെ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി സ്കൂളിലെ ഒഎസ്എ വിവിധ ബാച്ചുകളുടെ സഹായത്തോടെ ഒരു ലക്ഷം രൂപയോളം ചെലവിൽ ബാന്റ് സെറ്റ് ഉപകരണങ്ങൾ നൽകി. അധ്യാപകരും വിദ്യാർഥികളും ചേർന്ന് ഏറ്റുവാങ്ങി. പ്രസിഡന്റ് ഡോ. പി.വി. മധുസൂധനൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ആർ.വി. എം. ബഷീർ മൗലവി അധ്യക്ഷത വഹിച്ചു. ആർ. അബു, എൻ.വി. മധു, എച്ച്.എം.സുനീഷ്, കെ. തോമസ്, പി.സി. ശ്രീജ, ഐ.പി. രാമചന്ദ്രൻ, ആനന്ദൻ, സുധീർ ബാബു, ഷബീർ ശോഭ, ഹക്കീം ഇമ്പാർക്ക്, സി.എം. ലിമി, പി.വി. ആതിര എന്നിവർ പങ്കെടുത്തു.

രക്തസാക്ഷി ദിനാചരണം

പാവറട്ടി: എസ്എഫ്ഐ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൈക്കാടിൽ ഫാസിൽ രക്ത സാക്ഷി ദിനാചരണം നടത്തി. എസ്എഫ്ഐ സംസ്ഥാന പ്രസിഡന്റ് എം. ശിവപ്രസാദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അനസ് ജോസഫ് അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ജിഷ്ണു സത്യൻ, ജില്ലാ സെക്രട്ടറി ടി. അഭിജിത്ത്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എ.ആർ. അജയ് രാജ്, ജില്ലാ സെക്രട്ടറിയേറ്റ് അംഗം കെ.യു. സരിത, ജില്ലാ ജോ. സെക്രട്ടറി ആൽവിൻ ഷാജി, വൈസ് പ്രസിഡന്റുമാരായ ടി. എം. കാർത്തിജ്, പി.എ. അശ്വിൻ, പി.ജി. സൂരജ് എന്നിവർ പങ്കെടുത്തു.

അപേക്ഷ ക്ഷണിച്ചു

തൃശൂർ: കേരള പ്ലാസ്റ്റിക് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (കെപിഎംഎ) 5-ാമത് പരിസ്ഥിതി അവാർഡിനും വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്കും അപേക്ഷ ക്ഷണിച്ചു. പ്ലാസ്റ്റിക് മാലിന്യ നിർമാർജനത്തിനും പുനരുപയോഗത്തിനും ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന വ്യക്തികൾക്കും സംഘടനകൾക്കുമാണ് 50,000 രൂപയുടെ അവാർഡ് നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484-2354115, 9961935587.



സ്പീക്ക് അപ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തൃശൂർ സിറ്റി പൊലീസ് കമ്മിഷണർ നകുൽ ആർ. ദേശ്മുഖ് നിർവഹിക്കുന്നു

ഗാർഹിക പീഡനത്തിനെതിരേ ഇനി ശബ്ദമുയരും; സ്പീക്ക് അപ് പദ്ധതിയ്ക്ക് ജില്ലയിൽ തുടക്കം

തൃശൂർ: ഗാർഹിക പീഡനങ്ങൾക്കെതിരേ കേരള ആഭ്യന്തര വകുപ്പും കേരള പൊലീസും സംയുക്തമായി ആവിഷ്കരിക്കുന്ന സ്പീക്ക് അപ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നടന്നു. തൃശൂർ സിറ്റി പൊലീസ് കമ്മിഷണർ നകുൽ ആർ. ദേശ്മുഖ് ഉദ്ഘാടനം ചെയ്തു.

മേയർ ഡോ. നിജി ജസ്റ്റിൻ, അസി. കമ്മിഷണർ (തൃശൂർ) ടി. ആർ. രാജേഷ്, അസി. കമ്മിഷണർ (നാർക്കോട്ടിക് സെൽ) പി. ഷിബു, അസി. കമ്മിഷണർ പി. ആർ. ബിജോയ് (സ്പെഷ്യൽ ബ്രാഞ്ച്), ജില്ലാ വുമൺ ആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫിസർ മീര., വുമൺ സെൽ സബ് ഇൻസ്പെക്ടർ ഉണ്ണിമായ എന്നിവർ പങ്കെടുത്തു.

ഡൊമസ്റ്റിക് വയലൻസിനെ കുറിച്ച് അഡ്വ. റീന ജോണും പോഷ് ആക്ടിനെ കുറിച്ച് അഡ്വ. എ.എം. സിമ്മിയും ക്ലാസെടുത്തു. ഭയം മൂലം പുറത്ത് പറയാതിരിക്കുന്ന കേസുകൾ കണ്ടെത്തി പൊലീസ് ഉദ്യോഗസ്ഥർ സിവിൽ വേഷത്തിലെത്തി അതിജീവിതകളെ കാണുകയും അവർക്ക് സുരക്ഷിതമായി സംസാരിക്കാനുള്ള സാഹചര്യം ഒരുക്കുകയും സുരക്ഷയും പിൻതുണയും ലഭ്യമാക്കുകയും ചെയ്യും.

ഇതിന്റെ ഭാഗമായുള്ള കൗൺസിലിങ്ങ്, സുരക്ഷിത താമസ സൗകര്യം, അതിജീവന മാർഗങ്ങൾ എന്നിവയും ലഭ്യമാക്കും. സ്പീക്ക് അപ് ഹെൽപ്പ് ലൈൻ നമ്പറായ 1091 നമ്പരിലേക്ക് വിളിച്ച് സ്പീക്ക് അപ് സമർപ്പിക്കണമെന്നും ജില്ലാ കലക്ടർ നിർദ്ദേശിച്ചു.മാലിന്യ സംസ്കരണ കേന്ദ്രങ്ങളിലേക്ക് മാലിന്യം കൊണ്ടുപോകാൻ ഉപയോഗിക്കുന്ന 200 വാഹനങ്ങളിൽ 120 വാഹനങ്ങളിൽ മാത്രമാണ് മാലിന്യം കാണാത്ത രീതിയിൽ പൂർണ്ണമായും മൂടിയ നിലയിലുള്ളത്. ശേഷിക്കുന്ന വാഹനങ്ങളും മാലിന്യം കാണാത്തരീതിയിൽ പൂർണ്ണമായും മൂടിയ നിലയിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ നിർദേശം നൽകി. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിലുള്ള പ്രദേശത്ത് നടത്തിയ പരിശോധനയിൽ ഒരിടത്ത് മാലിന്യം തള്ളുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ബന്ധപ്പെട്ട വരുടെ യോഗം വിളിച്ചുചേർത്ത് തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.

എസ്ഡബ്ല്യുഎം. സ്പെഷ്യൽ സെൽ രൂപീകരണം, ഉറവിട മാലിന്യം തരംതിരിക്കൽ, വീടുകളിൽനിന്നുള്ള മാലിന്യശേഖരണം, ജനപ്രതിനിധികൾക്കുള്ള ബോധവത്കരണം, പഴയ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങളിലെ പുരോഗതിയും യോഗത്തിൽ ചർച്ച ചെയ്തു.

സാനിറ്ററി മാലിന്യങ്ങൾ, ഡയപ്പറുകൾ എന്നിവയുടെ വികേന്ദ്രീകൃത സംസ്കരണത്തിനായി നിലവിലുള്ള സംവിധാനങ്ങളോടൊപ്പം നൂതന പദ്ധതികളും പരിശോധിക്കണമെന്ന് യോഗം നിർദേശം നൽകി. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർ, സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ദൈവദശകം മോഹിനിയാട്ടം; 90 വേദികൾ പിന്നിട്ട് മാധുരി ദിഗംബരൻ

കൊടുങ്ങല്ലൂർ: ശ്രീനാരായണ ഗുരുവിന്റെ വിശ്വമാനവികതയുടെ സന്ദേശം കലയുടെ ഭാഷയിലൂടെ ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി മാധുരി ദിഗംബരൻ അവതരിപ്പിക്കുന്ന ദൈവദശകം മോഹിനിയാട്ടം 90 വേദികൾ പിന്നിട്ടു. ചരിത്ര സ്മാരകമായ മുംബൈയിലെ മുംബൈ ഗേറ്റ് വേ ഓഫ് ഇന്ത്യയ്ക്ക് മുന്നിൽ നടന്ന 'ശിവധ്വം' പരിപാടിയിലെ അവതരണത്തോടെയാണ് 90 വേദികൾ പൂർത്തിയായത്. 2024ൽ ശിവഗിരി തീർഥാടനത്തിന്റെ ഉദ്ഘാടന സമ്മേളനത്തിലാണ് മാധുരി ദിഗംബരൻ ആദ്യമായി ദൈവദശകം മോഹിനിയാട്ടം അവതരിപ്പിച്ചത്. ദൈവദശകം കൂട്ടായ്മയുടെയും 'എന്റെ ഗുരു - ഗുരുകൃതികൾ ഭാരതീയ നാട്യകലകളിലൂടെ' പദ്ധതിയുടെയും ചീഫ് കോ-ഓർഡിനേറ്റർ കൂടിയായ മാധുരി തുടർന്ന് കേരളത്തിലും വിവിധ സംസ്ഥാനങ്ങളിലുമായി നിരവധി വേദികളിൽ ദൈവദശകം അവതരിപ്പിച്ചു. 2018ൽ കലാമണ്ഡലം കൽപിത സർവകലാശാലയിലെ മോഹിനിയാട്ടം വിഭാഗം മുൻ മേധാവി കലാമണ്ഡലം ഹൈമവതിയാണ് ദൈവദശകം മോഹിനിയാട്ടം രൂപകൽപ്പന ചെയ്ത് ചിട്ടപ്പെടുത്തിയത്. 2018 ഏപ്രിൽ 21ന് കൊടുങ്ങല്ലൂരിൽ നടന്ന ബൃഹത്തായ ദൈവദശകം മോഹിനിയാട്ടം അവതരണത്തിലൂടെ ഗിന്നസ് റെക്കോഡും സ്വന്തമാക്കിയിരുന്നു. ചേലക്കര സ്വദേശിനിയായ മാധുരി ദിഗംബരൻ ഈ കലാസൃഷ്ടിയുടെ തുടർപ്രചാരണത്തിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്. ശ്രീനാരായണ ഗുരുവിന്റെ പത്ത് ശ്ലോകങ്ങളടങ്ങിയ ദൈവദശകം 104 ലോകഭാഷകളിലേക്ക് മൊഴിമാറ്റി പ്രചരിപ്പിക്കുന്നതിനായി ഗിരീഷ് ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'ദൈവദശകം വിശ്വവിശാലതയിലേക്ക് ' ആഗോള പദ്ധതിയുടെ ഭാഗമായാണ് ഈ കലാപരിപാടികൾ സംഘടിപ്പിക്കുന്നത്.



മുംബൈയിലെ ഗേറ്റ് വേ ഓഫ് ഇന്ത്യക്ക് മുന്നിൽ കലാമണ്ഡലം മാധുരി ദിഗംബരൻ ദൈവദശകം മോഹിനിയാട്ടം അവതരിപ്പിക്കുന്നു

ഖരമാലിന്യ പരിപാലന ചട്ടം 2026

പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത ബൾക്ക് വേസ്റ്റ് ജനറേറ്റർമാർക്ക് നോട്ടീസ് നൽകും

തൃശൂർ: ജില്ലയിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി ജില്ലാ കലക്റ്റർ ശിഖ സുരേന്ദ്രന്റെ അധ്യക്ഷതയിൽ സ്പെഷ്യൽ സെൽ അംഗങ്ങളുടെ യോഗം ചേർന്നു. ഓൺലൈനായി ചേർന്ന യോഗത്തിൽ ജില്ലയിൽ ഖരമാലിന്യ പരിപാലനം ചട്ടം 2026 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ജില്ലയിൽ 173 ബൾക്ക് വേസ്റ്റ് ജനറേറ്റർമാർ ഉണ്ടെങ്കിലും 153 പേർ മാത്രമാണ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാത്തവർക്ക് നോട്ടീസ് നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകി. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള ബൾക്ക് വേസ്റ്റ് ജനറേറ്റർമാരുടെ ആകെ എണ്ണം, രജിസ്റ്റർ ചെയ്തവരുടെ എണ്ണം എന്നിവ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നും ജില്ലാ കലക്റ്റർ നിർദ്ദേശിച്ചു.



ചാലക്കുടിയിലെ കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം മന്ത്രി റോജി എം. ജോൺ സന്ദർശിക്കുന്നു

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം സന്ദർശിച്ച് മന്ത്രി

ചാലക്കുടി: കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ സന്ദർശനം നടത്തി. മ്യൂസിയം ഡയറക്റ്റർ ജെയ്മൺ ജേക്കബ് സ്ഥാപനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് മന്ത്രിയോട് വിശദീകരിച്ചു. മ്യൂസിയത്തിന്റെ വിവിധ സെക്ഷനുകളും മന്ത്രി സന്ദർശിച്ചു. മ്യൂസിയത്തിന്റെ നിലവിലുള്ള അവസ്ഥയക്കുറിച്ച് വിശദമായി വിലയിരുത്തിയതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്ന് മാധ്യമങ്ങളോട് മന്ത്രി പറഞ്ഞു.

സനീഷ് കുമാർ ജോസഫ് എംഎൽഎ, നഗരസഭാ ചെയർപേഴ്സൺ ആലീസ് ഷിബു, കൗൺസിലർമാർ, മറ്റു ജനപ്രതിനിധികൾ, കേരള ശാസ്ത്ര സാഹിത്യ മ്യൂസിയത്തിലെ ജീവനക്കാർ തുടങ്ങിയവരും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

ബംഗ്ലാദേശ് മോഡൽ ഇന്ത്യയിൽ നടപ്പാക്കാനാകില്ല: സുരേഷ് ഗോപി

തൃശൂർ: ബംഗ്ലാദേശ് മോഡൽ ഇന്ത്യയിൽ നടപ്പാക്കാമെന്നത് മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണെന്നും ബിജെപി പ്രവർത്തകർക്ക് ജീവനുള്ളിടത്തോളം കാലം അത്തരമൊരു നീക്കം ഇന്ത്യയിൽ നടപ്പാകില്ലെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

ബിജെപി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശൂരിൽ സംഘടിപ്പിച്ച ജനാധിപത്യ സംരക്ഷണ പദയാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 12 വർഷമായി രാജ്യത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഭരണനിർവഹണത്തിന്റെ ഉന്നത നിലവാരമാണ് വ്യക്തമാക്കുന്നത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുൾപ്പെടെ അടിസ്ഥാന സൗകര്യ വികസനത്തിൽ കേന്ദ്രസർക്കാർ നടത്തുന്നത് വലിയ മുന്നേറ്റമാണ്.



തൃശൂരിൽ ബിജെപി നടത്തിയ ജനാധിപത്യസംരക്ഷണയാത്ര കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യുന്നു

ചൈനയുമായി അതിർത്തി പങ്കിടുന്ന ദുർഘടമായ പ്രദേശങ്ങളിൽ പോലും റോഡുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ വലിയ പരിശ്രമമാണ് നടത്തുന്നത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വികസന പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിക്കും. എസ്ഐആറിന്റെ പേരിൽ തെറ്റായ പ്രചാരണങ്ങൾ നടത്തുകയാണ്. എസ്ഐആർ മാത്രമല്ല, ഏകീകൃത സിവിൽ കോഡ് ഉൾപ്പെടെയുള്ള വിഷയങ്ങളിലും പ്രതിപക്ഷത്തിന്റെ എതിർപ്പുകൾ ഉയരും. എന്നാൽ രാജ്യത്തെ ജനങ്ങൾ ഇത്തരം പരിഷ്കാരങ്ങളെ പിന്തുണയ്ക്കും.

വോട്ടർപട്ടിക പരിഷ്കരണത്തെ രാഹുൽ ഗാന്ധി എതിർക്കുകയും തെരഞ്ഞെടുപ്പുകളെ ചോദ്യം ചെയ്യുകയും ചെയ്താലും 2047ൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതുവരെ എൻഡിഎ സഖ്യം തന്നെ രാജ്യം ഭരിക്കുമെന്ന് സുരേഷ് ഗോപി കൂട്ടിച്ചേർത്തു.ബിജെപി ജില്ലാ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബ് അധ്യക്ഷത വഹിച്ചു.

ദേശീയ സെക്രട്ടറി എം.എ. വെങ്കിടേശൻ, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ എം.ടി. രമേശ്, ശോഭാ സുരേന്ദ്രൻ, വൈസ് പ്രസിഡന്റുമാരായ കെ.കെ. അനീഷ് കുമാർ, ബി. ഗോപാലകൃഷ്ണൻ, മുൻ സംസ്ഥാന പ്രസിഡന്റ് കെ.വി. ശ്രീധരൻ മാസ്റ്റർ, ജില്ലാ പ്രസിഡന്റ് എ.ആർ. ശ്രീകുമാർ, മുൻ എംഎൽഎ സി.സി. മുകുന്ദൻ, എ. നാഗേഷ്, ഷാജുമോൻ വട്ടേക്കാട്, എം.എസ്. സമ്പൂർണ, കെ.പി. ഉണ്ണികൃഷ്ണൻ, കെ.പി. ജോർജ്, രവികുമാർ ഉപ്പത്ത്, സബീഷ് മരുതയൂർ, എന്നിവർ പങ്കെടുത്തു.

കെ.ആർ. ഹരി, പി.കെ. ബാബു, സുജയ് സേനൻ, അനീഷ്, കെ.എസ്. രാജേഷ്, കൃപേഷ് ചെമ്മണ്ട, സേവ്യൻ പള്ളത്ത്, അനീഷ് ഇയ്യാൽ, ബിജോയ് തോമസ്, പ്രിന്റ് മഹാദേവ്, വി.വി. രാജേഷ്, കൃഷ്ണപ്രസാദ്, ഷീല പണിക്കർ, സുനിൽകുമാർ, വിപിൻ കുടിയേടത്ത്, സുധീഷ് മേനോത്ത്പറമ്പിൽ വിജയൻ മേപ്പറത്ത്, റോഷൻ എൻ. ആർ, ദിനേഷ്കുമാർ കരിപ്പേരിൽ, പ്രവീൺ, മനു പള്ളത്തു, മനോജ് നെല്ലിക്കാട് എന്നിവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.

സംസ്ഥാന റോളർ ഹോക്കി ചാംപ്യൻഷിപ്പ്: തൃശൂർ ജേതാക്കൾ

മാള: ഹോളി ഗ്രേസ് അക്കാഡമിയിൽ കഴിഞ്ഞ അഞ്ച് ദിവസങ്ങളായി സംഘടിപ്പിച്ച സംസ്ഥാന റോളർ ഹോക്കി - ഇൻ ലൈൻ ഹോക്കി ചാംപ്യൻഷിപ്പ് സമാപിച്ചു. റോളർ ഹോക്കിയിൽ തൃശൂർ ജില്ല ഓവറോൾ ജേതാക്കളായി. റോളർ ഹോക്കിയിൽ സീനിയർ, ജൂനിയർ, സബ് ജൂനിയർ, കേഡറ്റ്, ടൈനി ടോട്സ് വിഭാഗങ്ങളിലായി ആകെ 12 മത്സരങ്ങൾ നടന്നതിൽ തൃശൂർ ആറ് ഒന്നാം സ്ഥാനവും ഒരു വിഭാഗത്തിൽ രണ്ടാം സ്ഥാനവും അഞ്ച് വിഭാഗങ്ങളിൽ മൂന്നാം സ്ഥാനവും നേടി. മത്സരിച്ച എല്ലാ ഇനങ്ങളിലും തൃശൂരിന് മെഡൽ ലഭിച്ചു. രണ്ട് വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും ആറ് വിഭാഗങ്ങളിൽ രണ്ടാം സ്ഥാനവും രണ്ട് വിഭാഗങ്ങളിൽ മൂന്നാം സ്ഥാനവും നേടി പാലക്കാട് ജില്ല ഓവറോൾ രണ്ടാം സ്ഥാനം നേടി. നാലു വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും ഒരു വിഭാഗത്തിൽ രണ്ടാം സ്ഥാനവും മൂന്ന് വിഭാഗങ്ങളിൽ മൂന്നാം സ്ഥാനവും നേടി തിരുവനന്തപുരം ജില്ലയാണ് മൂന്നാം സ്ഥാനത്ത്. ഇൻലൈൻ ഹോക്കിയിൽ എറണാകുളം ജില്ലയാണ് ഒന്നാം സ്ഥാനത്ത്. പാലക്കാട് രണ്ടാം സ്ഥാനത്തും.

കോഴിക്കോട് മൂന്നാം സ്ഥാനത്തുമെത്തി. റോളർ സ്കേറ്റിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ് പ്രേമം സെബാസ്റ്റ്യൻ, കേരള റോളർ സ്കേറ്റിങ് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് ബിവിഎൻ റെഡി, സെക്രട്ടറി അനുരാജ് പൈങ്ങാവിൽ, ഹോളി ഗ്രേസ് അക്കാഡമി എക്സി. ഡയറക്റ്റർ അമൽ ജെ. വടക്കൻ, പ്രിൻസിപ്പൽ ഡോ. പി.വി. ലിവിയ തുടങ്ങിയവർ സമ്മാനദാനം നിർവഹിച്ചു.

കലാലയ സ്മരണ മത്സരം

തൃശൂർ: സെന്റ് തോമസ് കോളെജ് ജീവിതത്തിലെ മറക്കാനാവാത്ത ഓർമകൾ പങ്കുവെക്കാൻ കോളെജ് പൂർവവിദ്യാർഥിസംഘടന 'സ്റ്റാഴ്സ്' അവസരം ഒരുക്കുന്നു. സെന്റ് തോമസിൽ പഠിച്ചിരുന്ന കാലത്തെ ഏറ്റവും ഹൃദയസ്പർശിയായതോ, രസകരമായതോയായ ഒരു നല്ല ഓർമ പ്രമാവധി രണ്ടു പേജിൽ കവിയാതെ ഒരു ഓർമക്കുറിപ്പായി തയ്യാറാക്കി കോളെജിലേക്ക് അയക്കാം. കലാലയ ജീവിതത്തിലെ സൗഹൃദങ്ങൾ, അധ്യാപകർ, സഹപാഠികൾ, ക്യാംപസ് അനുഭവങ്ങൾ, മറക്കാനാവാത്ത സംഭവങ്ങൾ തുടങ്ങി മനസിൽ ഇന്നും മായാതെ നിൽക്കുന്ന ഏത് നല്ല ഓർമയും പങ്കുവെക്കാം. ഏറ്റവും മികച്ച മൂന്നു ഓർമക്കുറിപ്പുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകും. ഓർമക്കുറിപ്പുകൾ ലഭിക്കേണ്ട അവസാന തീയതി 10. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447614630.

JM FINANCIAL

ജെഎം ഫിനാൻഷ്യൽ അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്

കോർപ്പറേറ്റ് ഐഡന്റിഫിക്കേഷൻ നമ്പർ: U67190MH2007PLC174287
രജിസ്ട്രേഡ് ഓഫീസ്: 7th നില, സിനർജി, അപ്പാസാഹെബ് മറാത്തേ മാർഗ്, പ്രഭാദേവി, മുംബൈ-400 025
അംഗീകൃത ഓഫീസർ: വൈഭവ് ഷെട്ടി; ഇമെയിൽ ഐഡി: vaibhav.shetty@jmfl.com,
മൊബൈൽ: +919820387460; ഫോൺ: +91 022 62241658/1674; വെബ്സൈറ്റ്: www.jmfinancialarc.com

സ്ഥാവര-ജംഗമ വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ലേല നോട്ടീസ്
[2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് ചട്ടങ്ങളിലെ പ്രൊവിസോ റൂൾ 6(2), 8(6) എന്നിവ കാണുക]

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് പ്രകാരം 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ പ്രൈവിസോ റൂൾ 6(2), 8(6), 9(1) എന്നിവ ചേർത്തു വായിക്കുക, സ്ഥാവര-ജംഗമ വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല നോട്ടീസ്.

പൊതുജനങ്ങൾക്ക് പൊതുവായും വായ്പ്പക്കാരൻ/മോർട്ടഗേജർ/ ജാമ്യക്കാർക്ക് പ്രത്യേകിച്ചും നൽകുന്ന നോട്ടീസ്: ജെഎംഎഫ്എആർസി-ഫെഡറൽ മാർച്ച് 2013 ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽ പ്രവർത്തിക്കുന്ന ജെഎം ഫിനാൻഷ്യൽ അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡിന് (സെക്യേർഡ് ക്രെഡിറ്റർ) പണയം വച്ചിട്ടുള്ളതും/ബാധ്യതപ്പെടുത്തിയിട്ടുള്ളതും, ജെഎംഎഫ്എആർസിയുടെ അംഗീകൃത ഓഫിസർ കൈവശപ്പെടുത്തിയതുമായ താഴെ വിവരിക്കുന്ന സ്ഥാവര-ജംഗ വസ്തുക്കൾ, "എവിടെയാണോ അങ്ങനെ" "എന്താണോ അങ്ങനെ" കൂടാതെ "എന്തെല്ലാം ലഭ്യമാണോ അങ്ങനെ" എന്ന വ്യവസ്ഥയിൽ 2026 ഡിസംബർ 15ന് രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ വിൽക്കുന്നതാണ്; സഞ്ചൈസ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് (ഇനി മുതൽ "വായ്പ്പക്കാരൻ" എന്ന് പരാമർശിക്കുന്നത്), മോർട്ടഗേജർമാർ/ജാമ്യക്കാർ എന്നിവരായ (i) ശ്രീ. പി.വി. ഹരിദാസ് (ii) ശ്രീമതി. എ. ശോഭന (iii) ശ്രീമതി. ഉഷ ഹരിദാസ് (iv) ശ്രീ. പി.വി. ശിവരാമൻ (v) ശ്രീ. എം.എസ്. ശാന്തകുമാരി (vi) ശ്രീ. പി. ശ്രീധരൻ എന്നിവരിൽ നിന്നും സെക്യേർഡ് ക്രെഡിറ്ററിലേക്ക് അടച്ചുതീർക്കാനുള്ള 31 ഒക്ടോബർ 2025 വരെയുള്ള Rs. 35,09,41,221.17 രൂപയും (മുപ്പത്തഞ്ച് കോടി ഒൻപത് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തൊന്ന് രൂപയും പതിനേഴ് പൈസയും), കൂടിശിക തുക പൂർണമായി തീർക്കുന്നതു വരെയുള്ള പലിശയും ഈടാക്കുന്നതിനായിട്ടാണ് പ്രസ്തുത ലേല വിൽപ്പന നടത്തുന്നത്.

Sr No	പ്രോപ്പർട്ടിയുടെ വിവരണം	പരിശോധന തിയതിയും സമയവും	റിസർവ് വില	നിരതദ്രവ്യ നിക്ഷേപം